# Malayala Manorama
# 31 August 2018
# Kuttanad; Flood

## കുട്ടനാട് കര കയറിയെന്നോ?

**കു**ട്ടനാട് കൈനകരിയിലെ ചെറുകായലിക്കായൽ. പ്രളയത്തിനു ശേഷം ഇവിടെ വീണ്ടും മീൻകാരൻ വന്നത് ഇന്നലെയായിരുന്നു. പക്ഷേ, കൊണ്ടുവന്ന അയലമീൻ അതേപടി തിരിച്ചുകൊണ്ടു പോകേണ്ടി വന്നു. ജനം മടങ്ങിവന്നെന്നും കുട്ടനാട് പഴയ മട്ടിലായെന്നും കേട്ടത് അബദ്ധമാണെന്നു മനസ്സിലായി.

സത്യം ഇതായിരുന്നു: കൈനകരിയുടെ ഉൾഭാഗങ്ങളിൽ മിക്ക വീടുകളും ഇപ്പോഴും വെള്ളക്കെട്ടിലാണ്. പകുതി മുങ്ങിയ വീടുകൾ ഏറെ. തകർന്നു തരിപ്പണമായവ പോലുമുണ്ട്.

ഉമ്പിക്കാരം കനാലിന്റെ കരകളിലാകട്ടെ, നിലയില്ലാത്ത മനുഷ്യവേദനകളാണ്.

കലവൂർ ക്യാംപിൽ നിന്നു തിരിച്ചുവന്ന്, അജയപ്പനും ഭാര്യ സിന്ധുവും ചേർന്നു കട്ടിൽ വെളിയിലേയ്ക്കെടുത്തു വയ്ക്കുന്ന കാഴ്ച. സിന്ധു വേദനയോടെ പറയുന്നു: കട്ടിലിലെ പ്ലൈവുഡ് നനഞ്ഞു. ഇനി എന്തിനു കൊള്ളാം? നല്ലതൊന്നുമില്ല ഇനി ഈ വീട്ടിൽ.

മേസ്തിരിപ്പണിയാണ് അജയപ്പന്. പണിക്കു പോയിട്ട് ഒന്നര മാസമായി. ഒന്നര മാസത്തിനിടെ, മൂന്നു തവണയാണു പ്രളയം വന്നു കുട്ടനാടിനെ തകർത്തു കളഞ്ഞത്.

പല പ്രളയം കണ്ടതാണു കുട്ടനാട്. അടുത്തെങ്ങും ഇത്ര വെള്ളം കയറിയിട്ടില്ല. കയറിയ വെള്ളം ഇതുപോലെ ഇറങ്ങാതെയുമിരുന്നിട്ടില്ല. കനാലിലെ വെള്ളം താഴെ പാടത്തിലേക്കു കടക്കാതിരിക്കാൻ ചെളി കുത്തിയുണ്ടാക്കിയ 'മട' പല വട്ടം പൊട്ടി. കുത്തൊഴുക്കിൽ കൈനകരി മൂന്നാം വാർഡിൽ പരുത്തിവളവ് പാടശേഖരത്തെ അനിയൻകുഞ്ഞിന്റെ വീട് അപ്രത്യക്ഷമായി. വീടു നിന്നിടത്ത് ഇപ്പോഴും കലി തീരാതെ പെരുവെള്ളം ഓളംവെട്ടുന്നു.

പുതുപ്പറമ്പിൽ ശശിയമ്മയുടെ വീട് അവശിഷ്ടം മാത്രമായി. ശശിയമ്മ ഏതോ ക്യാംപിലാണ്.

ഉമ്പിക്കാരത്തെ സുലോചന പറയുന്നു: പലചരക്കു കടയായിരുന്നു ഞങ്ങൾക്ക്. സാധനങ്ങളെല്ലാം നശിച്ചു. വീടു വൃത്തിയാക്കാൻ നോക്കിയിട്ടു കഴിയുന്നില്ല.

ദേഹവും മനസ്സും ഒരുപോലെ തളർന്നു പോയി. ആ പ്രദേശത്തൊന്നും സഹായിക്കാൻ ആരുമെത്തിയിട്ടില്ല.





'ഇത് തനിയെ ഇറങ്ങുന്ന വെള്ളമല്ല. പമ്പ് ചെയ്തു മാറ്റണം. പക്ഷേ കറന്റ് വേണ്ടേ? കർഷകനായ രാജു ചോദിക്കുന്നു. മറുപടിയായി ആലപ്പുഴ കെഎസ്ഇബിയിലെ സുജിത്തും രാജീവും പറയുന്നു.

' ഞങ്ങൾ 30 പേർ ചേർന്നു പരിശ്രമിക്കുന്നുണ്ട്. രണ്ടിടത്തു പോസ്റ്റ് ഒടിഞ്ഞു പോയി. പല വീടിന്റെയും മീറ്ററടക്കം വെള്ളത്തിലാണ്. കുറച്ചിടത്ത് ഇന്നു

**എഴുത്ത്: ജി.ആർ.ഇന്ദുഗോപൻ**
**വര: മുരുകേശ് തുളസീറാം**

കറന്റ് കൊടുക്കാമെന്നു വിചാരിക്കുന്നു' വെള്ളത്തിന് വല്ല കുറവുമുണ്ടോയെന്നു നോക്കാൻ വള്ളത്തിൽ എത്തിയതാണ് കൃഷ്ണൻ കൂട്ടുമ്മൽ. ഉപേക്ഷിച്ചു പോയ വീടിനും ചുറ്റും കറങ്ങിനോക്കി. ഒരു രക്ഷയുമില്ല. ഇറങ്ങാൻ ഒരുദ്ദേശവുമില്ലാത്ത കവലച്ചട്ടമ്പിയുടെ വാശിയിലാണു വെള്ളം.

കുറിച്ചി ക്യാംപിൽ നിന്നു മടങ്ങിവന്ന രണ്ടാം വാർഡിലെ അട്ടിച്ചിറ അനിയന് ഐസ്ക്രീമിന്റെ ബിസിനസ്സായിരുന്നു. മകൾ മുട്ടറ്റം വെള്ളത്തിൽ നിന്നു ചെളി പിടിച്ച ജനലുകൾ കഴുകി വൃത്തിയാക്കുകയാണ്. വെള്ളം കയറി ഫ്രീസറുകൾ ഉപയോഗശൂന്യമായി. കേടായ ടിവി പുറത്തു വച്ചിരിക്കുന്നു.

'ഇനിയെങ്ങനെ ജീവിക്കും. എങ്ങനെ ഇതിൽ നിന്നു കര കയറും?': അനിയൻ ചോദിക്കുന്നു.

ഒരു വള്ളം കരയിലിരിക്കുന്നു. അടുത്തു നിൽക്കുന്ന ആൾ പറഞ്ഞു: കര കവിഞ്ഞ വെള്ളം കയറ്റി വച്ചതാണ്. വള്ളം നടുക്കു വച്ച് ഒടിഞ്ഞും പോയി. കെട്ടിയിട്ടിരുന്ന പല വള്ളങ്ങളെ കെട്ടുപൊട്ടിച്ചു മുക്കുകയും ചെയ്തു. വെള്ളത്തിനിവിടെ, ഇനി ചെയ്യാനൊരു പണിയും ബാക്കിയില്ല.

തുണി അലക്കിയിടുന്ന സ്ത്രീകൾ. വള്ളത്തിലും വേലിയിലും നിവർത്തിയിട്ടിരിക്കുന്ന വസ്ത്രങ്ങൾ. ഒരു സ്ത്രീ കണ്ണു തുടയ്ക്കുന്നു: നിധി പോലെ അലമാരയിൽ സൂക്ഷിച്ചിരുന്ന തുണികളാണ്. നനഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും നിറം പടർന്നുപോയി. ഇനിയെന്തിനു കൊള്ളാം?

ക്യാംപിൽ നിന്നു കുടുംബസമേതം കുട്ടനാടിന്റെ മറ്റേതോ ഭാഗത്തേയ്ക്കു മടങ്ങുന്ന ആശ വള്ളം നിർത്തി കാഴ്ച കണ്ട് അന്ധാളിച്ചു പറയുന്നു: തകഴിയിലെ ക്യാംപിലായിരുന്നു ഞങ്ങൾ. വീട് വൃത്തിയാക്കാൻ സർക്കാരിൽ നിന്നു സഹായം വന്നപ്പോൾ ഞങ്ങളില്ലായിരുന്നു. ഇനി ചെന്നിട്ടു വേണം... പക്ഷേ ഇവിടുത്തെ ദുരിതം കാണുമ്പോൾ അതൊന്നും വലുതല്ലെന്നു മനസ്സിലായി.

ഏതോ വീട്ടുകാർ കെട്ടിയിട്ടിരിക്കുന്ന ഒരു നായ വിശന്നു ഞരങ്ങുകയാണ്. അതിന്റെ കൂടു തകർന്നു കിടക്കുന്നു. അപരിചിതർ അടുത്തേയ്ക്കു ചെന്നിട്ടും അതു കുരയ്ക്കുന്നില്ല.

കണ്ണിൽ മലയിൽ നിന്നു മറിഞ്ഞ പെരുവെള്ളം കണ്ട ഭയം. ആളും ആഹാരവുമില്ലാത്തതിനാൽ കാക്ക പോലുമില്ല എങ്ങും.

കൈനകരിയുടെ ഉൾപ്രദേശം പോലെ, കുട്ടനാട്ടിൽ വെള്ളം കയറി ഒറ്റപ്പെട്ട സ്ഥലങ്ങൾ ഇതുപോലെ ഇനിയുമുണ്ടാകാം. അവയെയും രക്ഷിക്കണം.

സത്യം ഇതാണ്: നമ്മൾ കര കയറിയിട്ടില്ല. ആകയാൽ ആശ്വസിക്കാനായിട്ടില്ല. ഇവർക്കായി കരുണയുടെ കരങ്ങൾ ഇനിയും നീണ്ടു വരേണമേ!